**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുമ്പള കഞ്ചികട്ട വി.സി.ബി. കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള കഞ്ചികട്ട വി.സി.ബി. കം ബ്രിഡ്ജ് കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായതിനാൽ അടച്ചിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള - കഞ്ചിക്കട്ട വി.സി.ബി. കം ബ്രിഡ്ജിന് കാലപ്പഴക്കം മൂലമുള്ള അപകടാവസ്ഥ കണക്കിലെടുത്ത് ജില്ലാ റോഡ് സേഫ്റ്റി അതോറിറ്റിയുടെ തീരുമാന പ്രകാരം വാഹന ഗതാഗതം നിരോധിക്കുകയും പാലം അടച്ചിടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് പുതിയ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ബി) | പുതിയ വി.സി.ബി. കം ബ്രിഡ്ജിനു വേണ്ടിയുള്ള അപ്പ്രൂവ്ഡ് ഡിസൈൻ ലഭ്യമായിട്ടുണ്ട്. എന്നാൽ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തത് തടസം സൃഷ്ടിച്ചിരുന്നു. തുടർന്ന് മഞ്ചേശ്വരം എം.എൽ.എ-യും പഞ്ചായത്ത് അധികൃതരും ജനകീയ കമ്മിറ്റിയും ചേർന്ന് ഡിസംബർ മാസത്തോടെ സ്ഥല ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി നബാർഡ് Tranche XXXI-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ